ഉത്തരം

(എ&ബി) ഭരണ വകുപ്പിൽനിന്നും ധനകാര്യ വകുപ്പിൽ ലഭ്യമായ ലെറ്റർ ഓഫ് ക്രെഡിറ്റ് നിർദ്ദേശങ്ങൾ അനുസരിച്ച് പൊതുമരാമത്ത് (നിരത്ത്, പാലം, കെട്ടിടം), ജലവിഭവം എന്നീ വകുപ്പുകളിലായി ആകെ 1604.49 കോടി രൂപയുടെ കുടിശ്ശിക കോൺട്രാക്ടർമാർക്ക് നൽകാനുണ്ട്.

(സി) 2015-16 വർഷത്തെ ആദ്യ മൂന്ന് പാദങ്ങളിലേക്ക് 11,500 കോടി രൂപയുടെ കടപ്പത്രം പുറപ്പെടുവിക്കുന്നതിനുള്ള അനുമതിയാണ് കേന്ദ്രമന്ത്രാലയം സംസ്ഥാനത്തിന് നൽകിയിട്ടുള്ളത്. ഇതിൽ 2015 നവംബർ 30 വരെ 10,450 കോടി രൂപയുടെ കടപ്പത്രം പുറപ്പെടുവിച്ചിട്ടുണ്ട്.

ഇ-ഫയൽ സംവിധാനം

58 (1882) ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനവകുപ്പിൽ ഇ-ഫയൽ സംവിധാനം നടപ്പിലാക്കിയുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പ്രസ്തുത സംവിധാനം നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ഫയൽ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതിനുള്ള സമയദൈർഘ്യം കുറയ്ക്കുന്നതിനും അതുവഴി പൊതുജനങ്ങൾക്ക് പരമാവധി വേഗത്തിൽ സുതാര്യമായി സർക്കാർ സേവനങ്ങൾ ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിവരുന്നത്. പ്രസ്തുത സംവിധാനത്തിന്റെ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

1. സുതാര്യമായും കാര്യക്ഷമമായും ഫയൽ തീർപ്പുകൽപ്പിക്കുവാൻ ഉദ്യോഗസ്ഥരെ പ്രാപ്തരാക്കുക.
2. മേലുദ്യോഗസ്ഥൻമാരുടെ മേൽനോട്ട ചുമതലാ നിർവ്വഹണം എളുപ്പമാക്കുക.
3. സർക്കാർ സേവനങ്ങൾ പൊതുജനങ്ങൾക്ക് ഓൺലൈനായി നൽകുക.
4. ഫയൽ തീർപ്പുകൽപ്പിക്കുന്നതിനുള്ള സമയദൈർഘ്യം കുറയ്ക്കുക.
5. ഒരു ഉദ്യോഗസ്ഥന്റെ അഭാവത്തിൽ മേലുദ്യോഗസ്ഥന് ഫയൽ നടപടി പൂർത്തിയാക്കുവാൻ സാധിക്കുക.
6. ഫയലുകൾ കൈമാറ്റം ചെയ്യുന്നതിനുള്ള സമയം പൂർണ്ണമായും ഒഴിവാക്കുവാൻ സാധിക്കുക.
7. റിക്കോർഡുകൾ സൂക്ഷിക്കുന്നതിനും ആവശ്യാനുസരണം പരിശോധിക്കുവാനുമുള്ള സൗകര്യം ആയാസരഹിതമാക്കുക.
8. ഇ-ഓഫീസ് പൂർണ്ണമായും നിലവിൽ വരുന്നതോടെ സ്റ്റേഷനറി, പ്രിന്റിംഗ് തുടങ്ങിയ ഇനത്തിൽ ചെലവ് കുറയ്ക്കുക.
9. ഫയലിലെ തീരുമാനങ്ങൾ കാലതമാസമില്ലാതെ ജനങ്ങളെ അറിയിക്കാനുള്ള സൗകര്യമൊരുക്കുക.
10. ഉദ്യോഗസ്ഥർക്ക് ഏത് സമയത്തും ഫയൽ പരിശോധിക്കാൻ സാധിക്കുന്നതിനുള്ള സംവിധാനം ഒരുക്കുക.
11. ശ്രുചിത്വപൂർണ്ണമായ ആധുനിക സർക്കാർ ഓഫീസുകൾ.

(സി) ധനകാര്യ വകുപ്പിൽ ഇ-ഫയൽ സംവിധാനം നടപ്പിലാക്കുന്നതിന് ആവശ്യമായ സോഫ്റ്റ് വെയർ സപ്പോർട്ട് നൽകുന്നത് എൻ.ഐ.സി. (നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ) എന്ന കേന്ദ്ര സർക്കാർ സ്ഥാപനമാണ്. ഇ-ഫയൽ സംവിധാനം തുടങ്ങിയപ്പോൾ ധനവകുപ്പിലെ പ്രധാനപ്പെട്ട ഫയലുകളെല്ലാം കെൽട്രോൺ മുഖാന്തിരം ഡിജിറ്റൈസ് ചെയ്യുകയും തുടർന്നുവരുന്ന ഫിസിക്കൽ ഫയലുകൾ, തപാലുകൾ, പരാതികൾ എന്നിവ ഡിജിറ്റൈസ് ചെയ്യുന്നതിനായി സി.ആർ.യു. (സെൻട്രൽ രജിസ്ട്രറി യൂണിറ്റ്), ഡി. യു. (ഡയറൈസിംഗ് യൂണിറ്റ്) എന്നീ സെക്ഷനുകൾ പ്രവർത്തിക്കുകയും ചെയ്യുന്നു. ഇവർക്കാവശ്യമായ സാങ്കേതിക പരിശീലനവും നൽകുകയുണ്ടായി. ടി സെക്ഷനുകളിൽ ഹൈസ്പീഡ് സ്കാനറുകളും കമ്പ്യൂട്ടറുകളും സ്ഥാപിച്ചതിനുപുറമെ ധനവകുപ്പിലെ എല്ലാ സെക്ഷനുകളിലെയും കമ്പ്യൂട്ടറുകൾ അപ്ഗ്രേഡ് ചെയ്യുകയും സെക്ഷനുകളിൽ സ്കാനറുകൾ തുടങ്ങി ആവശ്യമായ ഉപകരണങ്ങൾ നൽകുകയുമുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

ധനവകുപ്പിലെ ഫയൽ കൈകാര്യം ചെയ്യുന്ന എല്ലാ ജീവനക്കാർക്കും ഇ-ഓഫീസിൽ പ്രത്യേകം പരിശീലനം നൽകുകയും ചെയ്തു. ഇ-ഓഫീസ് നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏകോപ്പിപ്പിക്കുന്നതിനുവേണ്ടി ഒരു ഉദ്യോഗസ്ഥനെ നോഡൽ ഓഫീസറായി ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഡിജിറ്റൽ സിഗ്നേച്ചർ, വെർച്വൽ പ്രൈവറ്റ് നെറ്റ് വർക്ക് എന്നിവ കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ മുഖേന അനുവദിച്ചുനൽകുന്നു. സോഫ്റ്റ്വെയർ വികസിപ്പിച്ച എൻ.ഐ.സി. (നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ) ആണ് പദ്ധതിക്ക് വേണ്ട സാങ്കേതിക സഹായങ്ങൾ നൽകിവരുന്നത്. ജീവനക്കാർക്ക് ഇ-ഓഫീസ് കൈകാര്യം ചെയ്യുന്ന സമയത്ത് വരുന്ന സംശയങ്ങൾ ദൂരീകരിക്കുന്നതിന് ഹാൻഡ് ഹോൾഡിംഗ് സപ്പോർട്ടിംഗ് സ്റ്റാഫിന്റെ സേവനവും നൽകിയിട്ടുണ്ട്.

കെ.എസ്.എഫ്.ഇ. യുടെ വിദ്യാധനം വായ്പാ പദ്ധതി

59 (1883) ഡോ. ടി. എം. തോമസ് ഐസക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ ആദ്യ ബഡ്ജറ്റിൽ കെ.എസ്.എഫ്.ഇ.യുടെ ആഭിമുഖ്യത്തിൽ പാവപ്പെട്ട വിദ്യാർത്ഥികൾക്കായി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന വിദ്യാധനം വായ്പാ പദ്ധതിയിലേക്ക് തുടർന്നുള്ള 4 ബഡ്ജറ്റുകളിലും തുക വകയിരുത്തിയിരുന്നോ ; എങ്കിൽ എത്ര വീതം; ഇതിൽ ഓരോ വർഷവും അനുവദിക്കപ്പെട്ട തുക എത്ര വീതം ; വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിയിലേയ്ക്കായി 2011 മുതൽ ഓരോ വർഷവും എത്ര വീതം അപേക്ഷകൾ ലഭിച്ചിരുന്നു ; ഇവരിൽ വായ്പയ്ക്കർഹരാണെന്ന് ഓരോ വർഷവും കണ്ടെത്തിയവരുടെ എണ്ണം എത്ര ;

(സി) ഓരോ വർഷവും അർഹരായ അപേക്ഷകരിൽ വായ്പാതുക ലഭ്യമായവർ എത്ര ; ലഭ്യമാകാത്തവർ എത്ര ;

(ഡി) പ്രസ്തുത പദ്ധതിയിലേക്കായി അനുവദിക്കപ്പെട്ട തുകയിൽ ഓരോ വർഷവും പിൻവലിക്കപ്പെടാതെ കിടക്കുന്ന തുക എത്ര വീതമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കഴിഞ്ഞ 4 വർഷങ്ങളിലെ ബഡ്ജറ്റുകളിൽ വിദ്യാധനം പദ്ധതിക്ക് വകയിരുത്തിയ തുകയുടെയും അനുവദിക്കപ്പെട്ട തുകയുടെയും വിശദ വിവരം താഴെ കൊടുക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly